എൽ.ഡി.സി. പരീക്ഷയിൽ
ഉന്നത റാങ്ക് നേടാൻ



ഒരു iRank പ്രസിദ്ധീകരണം

Cover Design : Arunkumar T

iRank
www.dcbooks.com
Reference
ISBN 978-81-264-4330-7
9 788126 443307 00002
E-book available
₹ 295

PSC Most Frequently Repeated 5,000 GENERAL ENGLISH QUESTIONS

iRank

iRank PSC Self Study Series

iRank PSC MOST FREQUENTLY REPEATED 5,000 GENERAL ENGLISH QUESTIONS

001 SUK/P
CASMTVK
1165

20/20 IN ENGLISH

- Related Facts
- Techniques for Correct Spelling
- Hints for accurate answers
- Methods to tackle confusing facts

Prepared by SUKUMAR

001 SUK/P
CASMTVK
1165

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1165 Call No. 1165

This book should be returned on or before the date last given below.

15-034
16 APR 2018
TMP01
24 JUL 2018

ENGLISH LANGUAGE
PSC Most Frequently Repeated 5000 General English Questions
Reference
Prepared by Sukumar
Rights Reserved
First Published October 2013
This edition - April 2017

PUBLISHERS
iRANK
An imprint of D C Books
Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Sukumar.
PSC most frequently repeated 5000 general english questions/Sukumar.
416 p., 21 cm.
ISBN 978-81-264-4330-7.
1. Generalities. 2. Knowledge. I. Title.
001-dc 22.
No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.
ISBN 978-81-264-4330-7

Printed in India
at D C Press, Kottayam, INDIA

D C BOOKS - THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

142/17-18-Sl.No. 16561-dcb 5620-(2)1000-5899-05-17-ltc17.0-p sd-r(t) pm-d(t) sm

ആമുഖം

മത്സരപ്പരീക്ഷകളിലെ ഒരു പ്രധാന വിഭാഗമാണ് ഇംഗ്ലീഷ് ഭാഷാ ശേഷി നിർണയം. ഇംഗ്ലീഷ് പ്രധാന വിഷയമായിപഠിച്ച് ഉന്നതവിദ്യാഭ്യാസ യോഗ്യതകൾ നേടിയിട്ടുള്ളവർക്കുപോലും ഈ വിഭാഗത്തിൽ വേണ്ടത്ര മാർക്ക് നേടാൻ സാധിക്കാറില്ല എന്നതാണ് വാസ്തവം. പൊതുവിജ്ഞാനത്തിന് പ്രാമുഖ്യമുള്ള ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകളിൽ മുന്നേറുന്ന പലർക്കും ഇംഗ്ലീഷിൽ വിവരണാത്മകപരീക്ഷകളോ ജനറൽ ഇംഗ്ലീഷ് ചോദ്യങ്ങൾ ഉൾപ്പെടുന്ന ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകളോ എഴുതുമ്പോൾ മികച്ച പ്രകടനം അന്യമാകാൻ കാരണം ഇംഗ്ലീഷിലുള്ള പ്രാവീണ്യക്കുറവ് എന്നതിനൊപ്പം മത്സര പ്പരീക്ഷകളിലെ ഇംഗ്ലീഷ് ചോദ്യങ്ങൾ ഏത് രീതിയിലുള്ളവയാണ് എന്നതിനെക്കുറിച്ചുള്ള അജ്ഞത കൂടിയാണ്. അനുയോജ്യമായ പഠനരീതിയാവിഷ്കരിച്ച് ഇംഗ്ലീഷ്ഭാഷാ പരിജ്ഞാനം കൂട്ടുന്നതിനൊപ്പം പരമാവധി ചോദ്യമാതൃകകൾ പരിചയപ്പെടുക എന്നതാണ് ഇതിന് ഏറ്റവും ഉത്തമമായ പ്രതിവിധി.

എങ്ങനെ പഠിച്ചാലാണ് കുറഞ്ഞ പരിശ്രമംകൊണ്ട് കൂടുതൽ നേട്ടമുണ്ടാക്കാൻ കഴിയുന്നത്. അതാണ് പലർക്കും അറിയേണ്ടത്. ശരിയായ രീതി മനസ്സിലാക്കാതെ കാടുകയറി പഠിച്ച് സമയം പാഴാക്കുന്നവരാണ് ഉദ്യോഗാർഥികളിൽ ബഹുഭൂരിപക്ഷവും. ഇംഗ്ലീഷ്ഭാഷാ പ്രയോഗത്തിന് പൊതുനിയമങ്ങൾ അനേകമുണ്ട്. ഇവ പഠിച്ചാൽ മാർക്ക് മുഴുവൻനേടാം എന്നു കരുതി, വാരിവലിച്ചു പഠിച്ച് പരീക്ഷാഹാളിലെത്തുന്നവർക്ക് നേരിടേണ്ടിവരുന്നത് പൊതുനിയമങ്ങൾക്ക് അതീതമായ വ്യവസ്ഥകൾ ബാധകമായ ചോദ്യങ്ങളെയാവും. ഫലമോ ശരിയുത്തരം എഴുതാൻ കഴിയാതെ വരും. ഉദാഹരണത്തിന് 'I am your friend' എന്നതിന്റെ 'tag question' എഴുതേണ്ടത് 'aren't I ?' എന്നാണ് അതേസമയം 'I am not your friend' എന്നതിന്റെ 'tag question' ആകട്ടെ 'am I ?' ആണ്. 'tag question' സംബന്ധിച്ച പൊതുനിയമങ്ങൾമാത്രം മനസ്സിലാക്കിയാൽ ഇത്തരംചോദ്യങ്ങൾക്കുമുന്നിൽ മുട്ടു കുത്തേണ്ടിവരും. 'Fourth' ന്റെ സ്പെല്ലിംഗിന്റെ ഓർമയിൽ 'Forty' യും 'Ninety' യുടെ രീതി പ്രയോഗിച്ച് 'Ninth' ഉം തെറ്റിക്കുന്നവർ അനവധിയാണ്. 'Casualty' എന്നവാക്ക് 'Casuality' എന്ന് എഴുതാത്ത സാധാരണക്കാർ വിരളമാണ്.' Antarctica' എന്ന വാക്ക് പലരും 'Antartica' എന്നാണെഴുതുന്നത്. 'Definitely' യ്ക്ക് പകരം 'Defenitely' യ്ക്കാണ് പ്രചാരം കൂടുതൽ. 'Collectorate' ന്റെ സ്പെല്ലിംഗുപോലെയാണെന്ന് കരുതി ചിലർ 'Secretariat' നും 'e' കൂടി ചേർത്ത്

തെറ്റിക്കും. പാണ്ഡിത്യമുള്ള ആളുകൾപോലും ചിലപ്പോൾ 'Data' എന്നതിന് ബഹുവചനമായി 'Datas' എന്ന് തെറ്റായി ഉപയോഗിക്കാറുണ്ട്. 'Datum' എന്നതിന്റെ ബഹുവചനരൂപമാണ് 'Data'. ബഹുവചനമായ 'Information'നെ ഏകവചനമെന്ന് ധരിച്ച് ബഹുവചനമാക്കുന്നതിന് 'Informations' എന്നു പ്രയോഗിക്കുന്നതും സമാനമായ ഉദാഹരണമാണ്. ഇങ്ങനെ സുപരിചിതങ്ങളായ വാക്കുകൾപോലും എത്രയോ പേർക്ക് പരീക്ഷകളിൽ മാർക്ക് നഷ്ടമാക്കുന്നുണ്ട്. ഭാഷയിൽ വൈദഗ്ധ്യം നേടാൻ വ്യാകരണവ്യവസ്ഥകൾ പഠിക്കുകമാത്രമല്ല മാർഗം, ശരിയായ ഭാഷയുമായി ഇടപഴകലാണ് പരമപ്രധാനം. നിലവാരമുള്ളപത്രങ്ങൾ സ്ഥിരമായി വായിക്കുകയെന്നതാണ് അതിനുള്ള ഏറ്റവും മികച്ച ഉപാധി. സുദീർഘകാലത്തെ പരിശ്രമത്തിനുശേഷമേ അതിന്റെ ഗുണഫലം അനുഭവിക്കാൻ സാധിക്കൂ എന്നതിനാൽ, പരിമിതമായ സമയംകൊണ്ട് തയ്യാറെടുത്ത് കൂടുതൽമാർക്ക്നേടാൻ ആഗ്രഹിക്കുന്നവർക്ക് ഏറ്റവും ഉചിതമായമാർഗം മുൻപരീക്ഷകളിലെ ചോദ്യങ്ങളെ പരിചയപ്പെട്ട് ശരിയുത്തരം പഠിക്കുക എന്നതാണ് .

കഴിഞ്ഞ മൂന്നുപതിറ്റാണ്ടുകളിലെ നൂറുകണക്കിന് പരീക്ഷകളുടെ ചോദ്യപേപ്പറുകളിൽനിന്ന് സമാഹരിച്ച 5000 ജനറൽ ഇംഗ്ലീഷ് ചോദ്യങ്ങളാണ് ഉത്തരവും അനുബന്ധ വസ്തുതകളും സഹിതം ഈ പുസ്തകത്തിലുള്ളത്. മിക്ക ചോദ്യങ്ങളും അനവധി പരീക്ഷകളിൽ ആവർത്തിച്ചിട്ടുള്ളവയാണ്. ഒപ്പം, പദസമ്പത്ത് വർധിപ്പിക്കുന്നതിനും സ്പെല്ലിങ്ങുകൾ കാണാതെ പഠിക്കുന്നതിനുള്ള എളുപ്പമാർഗങ്ങളും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട വ്യാകരണനിയമങ്ങൾ മലയാളത്തിൽ വിശദീകരിച്ചിരിക്കുന്നതിനാൽ അനായാസം അവ ഹൃദിസ്ഥമാക്കാം.

ചോദ്യങ്ങൾ 25 വീതം 200 സെറ്റുകളായിട്ടാണ് ക്രമീകരിച്ചിട്ടുള്ളത്. ഓരോ സെറ്റും ഓരോ പരീക്ഷയെഴുതുന്ന അനുഭവം നൽകുന്നതരത്തിൽ സിലബസിനനുസരണമായി എല്ലാവിഭാഗങ്ങളിലെയും ചോദ്യങ്ങളുൾപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് ഒരേ സമയം മുൻചോദ്യങ്ങളെ പരിചയപ്പെടാനും മാതൃകാപരീക്ഷയെഴുതി നിലവാരം സ്വയം അളക്കാനും സഹായകമാണ്. പരീക്ഷയെഴുതുന്നതുപോലെ 25 ചോദ്യത്തിന് 15 മിനിട്ടുകൊണ്ട് ഉത്തരമെഴുതിയശേഷം സ്കോർ പരിശോധിക്കുക. തെറ്റിപ്പോയത് പ്രത്യേകം എഴുതിവച്ച് ശരിയുത്തരം പഠിക്കുക.

മേഖല ഏതായാലും നിരന്തരവും കഠിനവുമായ പരിശീലനമാണ് ജേതാക്കളെ നിർണയിക്കുന്നത്-എന്നും എവിടെയും. ആവർത്തിച്ച് പരിശീലനം നടത്തുക. ഈ പുസ്തകത്തിലൂടെ ഒന്നു കടന്നുപോകുമ്പോഴേക്കും ഏത് കടുത്ത പരീക്ഷയിലും ഉയർന്ന റാങ്ക് നേടാൻ നിങ്ങൾ പ്രാപ്തരായിക്കഴിഞ്ഞിരിക്കും.

PSC Most Frequently Repeated 5000 General English Questions